## വിവാഹ വാഗ്ദാനം നൽകി വിദ്യാർത്ഥിനിയെ തട്ടി കൊണ്ട് പോയി

നാദാപുരം: വിവാഹ വാഗ്ദാനം നൽകി വിദ്യാർത്ഥിനിയെ മൈസൂരിലേയ്ക്ക് തട്ടികൊണ്ടു പോയി. പ്ലസ്ടൂ വിദ്യാർത്ഥിനിയെയാണ് തട്ടികൊണ്ട് പോയത്. മൈസൂരിൽ നിന്ന് പിടിയിലായ മൂന്നംഗ സംഘത്തെയും പെൺകുട്ടിയെയും പൊലീസ് നാട്ടിലെത്തിച്ച് കോടതിയിൽ ഹാജരാക്കി. വൈദ്യപരിശോധനയ്ക്ക് ശേഷം കോടതിയിൽ ഹാജരാക്കിയ പെൺകുട്ടിയെ കോടതി രക്ഷിതാക്കൾക്കൊപ്പം വിട്ടയച്ചു.

വെള്ളിയാഴ്ച ഉച്ചയോടെ ഇരിങ്ങണ്ണൂരിൽ നിന്നാണ് പെൺകുട്ടിയെ കടത്തികൊണ്ട് പോയത്. ഇരിങ്ങണ്ണൂരിൽ ഡ്രൈവറായ കുറുവന്തേരി അന്ത്യേരിപൊയിൽ സുമേഷാണാണ് പൊൺകുട്ടിയെ വിവാഹവാഗ്ദാനം നൽകി തട്ടികൊണ്ട് പോയത്. സുമേഷിന്റെ സുഹൃത്തുക്കളായ തൂണേരി പനോള്ളകണ്ടി പി.കെ.രാഹുൽ മുടവന്തേരി പാലോള്ളതിൽ മിഥുൻ എന്നിവർ പിന്നീട് ഇവരുടെ ഒപ്പം കൂടുകയായിരുന്നു.

പ്രതികളെ മൂന്ന് പേരേയും കോടതി രണ്ടാഴ്ചത്തേയ്ക്ക് റിമാൻഡ് ചെയ്തു

## അറസ്റ്റിലായ ബംഗാളിയെ റിമാൻഡ് ചെയ്തു

കാലടി: ചെങ്ങൽ കോഴിക്കാടൻ വീട്ടിൽ ജോസിനെ (60) പെരിയാറിലെ കുളിക്കടവിൽ മുക്കിക്കൊന്ന കേസിൽ അറസ്റ്റിലായ അന്യസംസ്ഥാന തൊഴിലാളി പശ്ചിമ ബംഗാൾ മുർഷിദാബാദ് കരിമ്പൂർ സ്വദേശി റഫാത്ത് സേക്കിനെ (45) റിമാൻഡ് ചെയ്തു. ഇയാൾ മയക്കുമരുന്നിന് അടിമയാണെന്ന് പോലീസ് പറഞ്ഞു. കുളിക്കടവിൽ വച്ച് ഇരുവരും തമ്മിലുണ്ടായ വാക്കുതർക്കം കൊലപാതകത്തിൽ കലാശിക്കുകയായിരുന്നു. ഞായറാഴ്ച കൃത്യം നടന്നിടത്തു നിന്നുതന്നെ നാട്ടുകാർ ഇയാളെ പിടികൂടി നൽകിയെങ്കിലും സുബോധത്തിലല്ലായിരുന്നു. തിങ്കളാഴ്ച രാവിലെയാണ് പോലീസിന് വിശദമായി ചോദ്യം ചെയ്യാനായത്.

മരണപ്പെട്ട ജോസിന്റെ ശവസംസ്കാരം തിങ്കളാഴ്ച വൈകീട്ട് കാലടി സെന്റ് ജോർജ്ജ് പള്ളി സെമിത്തേരിയിൽ നടന്നു.

# വീട്ടമ്മയെ കുത്തി കൊന്ന ഒറീസ സ്വദേശി നാട്ടിലേയ്ക്ക് മടങ്ങാനുള്ള ടിക്കറ്റ് എടുത്തിരുന്നു

നീലേശ്വരം: വീട്ടമ്മയെ കുത്തി കൊലപ്പെടുത്തിയതിന് ശേഷം രക്ഷപ്പെട്ട ഒറീസ സ്വദേശി നാട്ടിലേയ്ക്ക് മടങ്ങാനുള്ള ടിക്കറ്റ് എടുത്തിരുന്നതായി പൊലീസിന് വിവരം ലഭിച്ചു. ഇതോടെ കൊലപാതകം മുൻകൂട്ടി ആസൂത്രണം ചെയ്തതാണെന്ന നിഗമനത്തിലാണ് പൊലീസ്. കൊലപാതകത്തിന്റെ കാരണം സംബന്ധിച്ച അവ്യക്തത ഇപ്പോഴും നിലനിൽക്കുകയാണ്. വ്യക്തിവൈരാഗ്യമോ, കവർച്ചയോ ആകാം കൊലപാതക കാരണമെന്ന നിഗമനത്തിലാണ് പൊലീസ്.

ഞായറാഴ്ച രാത്രി എട്ട് മണിയോടെയാണ് കൊലപാതകം നടന്നത്. എന്നാൽ കൊലപാതകിയായ ഒറീസ സ്വദേശിയെ ഇത് വരെ കണ്ടെത്താനായിട്ടില്ല. ഇതിനിടെ ഇയാളുടെ മൊബൈൽ ഫോൺ കേന്ദ്രീകരിച്ച് പൊലീസ് നടത്തിയ അന്വേഷണത്തിൽ ഇയാൾ കാസർകോട് നിന്ന് പോയിട്ടില്ലെന്ന സൂചനയാണ് ലഭിക്കുന്നത്. തിങ്കളാഴ്ച ഉച്ചവരെ ഇയാളുടെ മൊബൈൽ ഫോൺ ഉപ്പള ടവറിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്നതായി പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിന് ശേഷം ഇയാളുടെ മോബൈൽ പിൻതുടരാൻ സാധിക്കാത്തതിനാൽ മൊബൈൽഫോൺ ഇയാൾ ഉപേക്ഷിച്ചു എന്ന നിഗമനത്തിലാണ് പൊലീസ്. ഇയാൾ കാസർകോട് വിട്ട് പോയിട്ടില്ലെന്ന നിഗമനത്തെതുടർന്ന് ബസ്സ്റ്റാൻഡുകൾ റെയിൽവെ സ്റ്റേഷൻ എന്നിവ കേന്ദ്രീകരിച്ചുള്ള അന്വേഷണം പൊലീസ് ഊർജ്ജിതമാക്കിയിട്ടുണ്ട്. ഇയാൾക്കായി പൊലീസ് ലുക്ക്ഔട്ട് നോട്ടീസ് പുറപ്പെടുച്ചിട്ടുണ്ട്. ഇയാളെ സംബന്ധിച്ച് വീട്ടുകാർക്ക് കൂടുതൽ വിവരങ്ങൾ അറിയില്ലായെന്നത് പൊലീസിനെ കുഴക്കുന്നുണ്ട്. ഇയാളുടെ പരിചയക്കാരെ കേന്ദ്രീകരിച്ചും അന്വേഷണം നടക്കുന്നുണ്ട്.ഭർതൃപിതാവിനെ ശുശ്രൂഷിക്കാനായി ഏർപ്പെടുത്തിയ ഒറീസ സ്വദേശിയായ മദനൻ ആണ് മടിക്കൈ കുലോം റോഡിൽ കുറുവാട്ട് ജേന്ദ്രന്റെ ഭാര്യ ജിഷയെ കൊലപ്പെടുത്തിയത്. രാത്ര എട്ട് മണിയോടെയാണ് സംഭവം. ആ സമയത്ത് വീട്ടിൽ ജിഷയും രാജേന്ദ്രന്റെ സഹോദരന്റെ ഭാര്യ ലേഖയും രണ്ട് കുട്ടികളും മാത്രമെ വീട്ടിൽ ഉണ്ടായിരുന്നുള്ളു. വീട്ടിലെ അടുക്കളയിൽ ജോലി ചെയ്യുകയായിരുന്ന ജിഷയെ പിന്നിലൂടെയെത്തിയ യുവാവ് കത്തികൊണ്ട് വയറ്റിൽ കുത്തുകയായിരുന്നു. ഇതിന് ശേഷം യുവാവ് ഓടി രക്ഷപെടുകയായിരുന്നു. കുത്തേറ്റ ജിഷ സ്വയം കത്തി ഊരിയെടുത്തെങ്കിലും ഉടൻ തന്നെ അബോധാവസ്ഥയിലാവുകയായിരുന്നു. സമീപത്തുള്ള ആശുപത്രിയിൽ എത്തിച്ച് പ്രാഥമീക ശുശ്രൂഷ നൽകിയതിന് ശേഷം മംഗലാപുരത്തേയ്ക്ക് കൊണ്ടുപോകും വഴി മരണം സംഭവിക്കുകയായിരുന്നു.

### കടലിലെ വെടിവയ്പ്

# ചുമത്തിയകുറ്റങ്ങൾക്ക് നിയമ പ്രാബല്യം കിട്ടുമോയെന്ന് സംശയം

കൊച്ചി : മൽസ്യത്തൊഴിലാളികളെ വെടിവെച്ച് കൊന്ന സംഭവത്തിൽ ഇറ്റാലിയൻ കപ്പലായഎന്റിക ലെക്സിയിലെ നാവികർക്കെതിരെ ചുമത്തിയിരിക്കുന്ന കുറ്റങ്ങൾക്ക് നിയമപ്രാബല്യം കിട്ടുമോ എന്ന് പൊലീസിന് സംശയം.

ഈ സംശയം പരിഹരിച്ച് മാത്രമെ കപ്പൽ വിട്ട് നൽകാൻ കഴിയുകയുള്ളു. പ്രധാനമായും മൂന്ന് കാരണങ്ങളാലാണ് കപ്പൽ പോലീസ് ഇപ്പോൾ വിട്ടു നൽകാത്തത്. കപ്പലിൽ നാവിക ഉദ്യോഗസ്ഥരുടെ ആയുധങ്ങൾ ഉണ്ട്. വെടിവെയ്പിന് ഉപയോഗിച്ച തോക്ക് തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും എവിഡൻസ് ആക്ട് പ്രകാരം ഇത് ഏറ്റെടുത്ത് കോടതി മുമ്പാകെ ഹാജരാക്കണം. അഡ്മറലിറ്റി നിയമ പ്രകാരം ഷിപ്പിങ്ങ് കമ്പനി കോടതിയിൽ നഷ്ടപരിഹാരത്തുക കെട്ടിവെയ്ക്കണം. കപ്പലിൽ വിശദമായ ഫൊറൻസിക് പരിശോധനയും അനിവാര്യമാണ്. വെടിവെയ്പ് ഉണ്ടായത് എവിടെവെച്ചെന്നും മറ്റുമുള്ള വിവരങ്ങൾ കൃത്യമായി ശേഖരിക്കേണ്ടതുമുണ്ട്. കപ്പലിലെ ലോഗ്ബുക്കും ഡ്യൂട്ടി വിവരങ്ങളുടെ രേഖകളും പോലീസിന് ലഭിച്ചിട്ടുണ്ട്തിങ്കളാഴ്ച രാവിലെ പത്തരയോടെ കപ്പൽ കൊച്ചി പോർട്ട് ട്രസ്റ്റിൽ ഓയിൽ ടാങ്കർ ബർത്തിൽ നിന്ന് പുറംകടലിലേക്ക് മാറ്റി. പ്രതിദിനം 50 ലക്ഷത്തോളം രൂപ പോർട്ട് ട്രസ്റ്റിന് നഷ്ടം വരുന്ന സാഹചര്യത്തിലാണ് കപ്പൽ മാറ്റിയത്. കനത്ത സുരക്ഷാസന്നാഹങ്ങൾക്ക് നടുവിലാണ് കപ്പൽ പുറംകടലിൽ നങ്കൂരമിട്ടിരിക്കുന്നത്. ദ്രുതകർമ സേനയിലെ 20 പോലീസുകാരെ കപ്പലിൽ വിന്യസിച്ചിട്ടുണ്ടെന്ന് എറണാകുളം റേഞ്ച് ഐജി പത്മകുമാർ പറഞ്ഞു.



ഇവർക്ക് ആവശ്യമായ ഭക്ഷണം എത്തിക്കുന്നതിന് പോർട്ട് ട്രസ്റ്റ് ഒരു ബാർജ് ഏർപ്പാടാക്കിയിട്ടുണ്ട്. പോലീസിനു പുറമെ കോസ്റ്റ്ഗാർഡിന്റെയും പോർട്ട ട്രസ്റ്റിന്റെയും നിരീക്ഷണ വലയത്തിലാണ് എന്റിക ലെക്സി ഇന്ത്യൻ ശിക്ഷാനിയമം, അഡ്മിറാലിറ്റി ഒഫൻസസ് ആക്ട് ടെറിട്ടോറിയൽ വാട്ടർ ആൻഡ് അദർ മാരിടൈം സോൺ ആക്ട് എന്നിവ ഒന്നിച്ച് പ്രയോഗിച്ചാൽ കേരള പോലീസിന് കേസെടുക്കാൻ കഴിയുമെന്നാണ് നിയമ വിദഗ്ധർ പറയുന്നത്.

### ഈരാറ്റുപേട്ടയിൽ

# ബസ് കൊക്കയിൽ മറിഞ്ഞ് 5 മരണം

### പത്തിലേറെ പേർക്ക് പരിക്ക് അപകടത്തിൽപെട്ടത് ചെണ്ടമേളക്കാർ

കോട്ടയം: ഈരാറ്റുപേട്ടയ്ക്കടുത്ത് ബസ് കൊക്കയിലേക്ക് മറിഞ്ഞ് അഞ്ചു പേർ മരിച്ചു. ആലപ്പുഴ മുഹമ്മയിൽ നിന്നുള്ള വാദ്യസംഘം സഞ്ചരിച്ചിരുന്ന ബസാണ് 150 അടി താഴ്ചയുള്ള കൊക്കയിലേക്ക് മറിഞ്ഞത്.

അഞ്ചുപേർ സംഭവസ്ഥലത്തുവച്ചുതന്നെ മരിച്ചതായിട്ടാണ് റിപ്പോർട്ട്. പത്തുപേരുടെ നില ഗുരുതരമാണ്. വാദ്യ സംഘത്തിൽപെട്ട 22 പേരാണ് ബസിൽ ഉണ്ടായിരുന്നത്.

ഈരാറ്റുപേട്ട വെള്ളിക്കുളത്തിന് സമീപമാണ് അപകടം ഉണ്ടായത്. ഉത്സവം കഴിഞ്ഞ് മടങ്ങിയ സംഘമാണ് അപകടത്തിൽപെട്ടത്.

മരിച്ചവരുടെയും പരിക്കേറ്റവരുടെയും പേരുവിവരങ്ങൾ ലഭ്യമായിട്ടില്ല. ഇവരെ കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

# ഭാനുവിന്റെ ജീവിതത്തിലേക്ക് 'ഫോർച്ച്യൂൺ'

കൊച്ചി : ഫോർറ്റ്യൂൺ (ഭാഗ്യം) അപ്പാർട്ട്മെന്റ് എന്ന പേര് അന്വർത്ഥമാക്കിയത് ഭാനു എന്ന ഉത്തർപ്രദേശ് കാരന്റെ ജീവതത്തിലൂടെയാണ്. തന്റെ ഉത്തർ പ്രദേശുകാരനായ ഭാനു (21) വിന് ജീവിതത്തിലേക്കുള്ള പിടിവള്ളിയായത് ഫോർച്ച്യൂൺ അപ്പാർട്ട്മെന്റിന്റെ ബോർഡാണ്. അക്ഷരാർഥത്തിൽ ഭാഗ്യത്തിന്റെ കൈത്താങ്ങായി ബോർഡിൽ തങ്ങിനിന്ന ഭാനുവിനെ കൂട്ടുകാരെത്തി രക്ഷിക്കുകയായിരുന്നു. ഏഴ് നിലയുടെ ആഴമുള്ള മരണത്തിൽ നിന്ന് അത് അയാളെ കോരിയെടുത്തു. ജീവിതത്തിലേക്ക് തിരിച്ചു കയറുമ്പോൾ ഒരുപോറൽ പോലുമില്ലായിരുന്നു ഭാനുവിന്റെ ദേഹത്ത്.

ജോലിക്കിടെ കെട്ടിടത്തിന്റെ ഏഴാം നിലയിൽനിന്ന് താഴേക്കുവീണ ഈ അന്യസംസ്ഥാന തൊഴിലാളിയുടെ രക്ഷപ്പെടലിനെ വിവരിക്കാൻ അത്ഭുതമെന്ന വാക്ക് മതിയാകില്ല.

ജഡ്ജസ് അവന്യുവിൽ നിർമാണം പൂർത്തിയാകുന്ന ഫോർച്ച്യൂൺ അപ്പാർട്ട്മെന്റിന്റെ മേൽക്കൂരയിൽ ചോർച്ച തടയുന്നതിനുള്ള ആവരണം പാകാനെത്തിയതാണ് ഉത്തർ പ്രദേശിലെ ചന്ദോളിയിൽ നിന്നുള്ള ഭാനുവും സുഹൃത്ത് സഞ്ജയും. കെട്ടിടത്തിന്റെ ഏറ്റവും മുകൾ നിലയുടെ അരഭിത്തിയിൽ നിന്നുകൊണ്ട് ജോലി ചെയ്യുമ്പോൾ തിങ്കളാഴ്ച വൈകിട്ട് അഞ്ചരയോടെ കാൽവഴുതി വീഴുകയായിരുന്നു. ആറാം നിലയിലെ, കെട്ടിടത്തിന്റെ പേരായ ഫോർച്ച്യൂൺ എന്നെഴുതിയ ബോർഡിന്റെ തട്ടിലേക്കാണ് ഇയാൾ പതിച്ചത്. കേവലം നാലടിമാത്രം വീതിയുള്ളതാണ് തട്ട്. ഭാനു വീഴുന്നത് ആദ്യം കണ്ടത് സെക്യൂരിറ്റി ജീവനക്കാരനാണ്. അയാൾ ഭാനുവിന്റെ സുഹൃത്തിനെ വിവരമറിയിച്ചു. തട്ടിൽ കുടുങ്ങിക്കിടന്ന ഭാനുവിനെ സഞ്ജയും കെട്ടിടത്തിൽ ജോലി ചെയ്തിരുന്നവരും ഓടിയെത്തി രക്ഷപ്പെടുത്താനുള്ള ശ്രമം തുടങ്ങി. ഫയർഫോഴ്സിലും വിവരമറിയിച്ചു. ഗാന്ധിനഗറിൽ നിന്നും ക്ലബ്ബ് റോഡിൽ നിന്നും ഫയർഫോഴ്സ് സംഘമെത്തി.

ഇതിനകം ഭാനുവിനൊപ്പം ജോലി ചെയ്തിരുന്നവർ ചില്ലുകൾ തകർത്ത് ഇയാൾക്കരികിലേക്ക് കൈനീട്ടിയിരുന്നു. പരസ്യ ബോർഡിന്റെ തട്ടിൽ നിന്ന് ഭാനുവിന്റെ പിടിവിട്ടു തുടങ്ങുകയായിരുന്നു അപ്പോൾ. ഇരുപതുമിനിട്ടിനുശേഷം ഫയർഫോഴ്സ് അംഗങ്ങളുടെയും കൂട്ടുകാരുടെയും കൈപിടിച്ച് ഭാനു ജീവിതത്തിലേക്ക് തിരിച്ചുകയറി. അല്പംകൂടി വൈകിയിരുന്നെങ്കിൽ ഇയാൾ പരസ്യ ബോർഡിൽനിന്ന് താഴേക്ക് വീണേനെ. ഒരുനിമിഷമേ താഴേക്ക് നോക്കിയുള്ളൂ.